(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇപ്രകാരം മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ പുതിയ നിരക്കിൽ സർക്കാരിന് എന്ത് അധിക റവന്യൂ വരുമാനം ഉണ്ടെന്ന് 1995-96 1996-97, 1997 -98,1998-99 എന്നീ വർഷങ്ങളിലെ കണക്കുകൾ വ്യക്തമാക്കിക്കൊണ്ട് അറിയിക്കുമോ?

ഉത്തരം

(എ) ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ച് പാട്ടത്തിന് നൽകുന്ന ഭൂമിക്ക് ഓരോ കാര്യത്തിനും നിരക്കുകൾ വ്യത്യസ്തമായിരിക്കും. പാട്ടനിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.† നഗര മുനിസിപ്പൽ പ്രദേശങ്ങളിലെ പാട്ടഭൂമിയുടെ നിരക്ക് നിശ്ചയിച്ചിരിക്കുന്നത് 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടപ്രകാരമാണ്. അതു പ്രകാരം വ്യാപാരാവശ്യത്തിന് കമ്പോളവിലയുടെ 20% ഉം, മറ്റ് ആവശ്യങ്ങൾക്ക് 10% ഉം നിരക്കിലും ആണ് പാട്ടം ഈടാക്കുന്നത്.

(ബി)-(ഡി) പാട്ടനിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം

61 (2858) ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന പരിപാടിയനുസരിച്ച് ഇതിനകം എത്ര പേർക്ക് പട്ടയം നൽകി;

(ബി) ഓരോ ജില്ലയിലും എത്ര വീതം;

(സി) ഓരോ ജില്ലയിലും ഇനി എത്ര പേർക്കുവീതം പട്ടയം നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പട്ടയം നൽകുവാനുള്ളവർക്ക് സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന പരിപാടിയനുസരിച്ച് ഇതിനകം കോഴിക്കോട് ഒഴികെയുള്ള 13 ജില്ലകളിലായി 62.784 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† അനുബന്ധം -VI

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇനിയും പട്ടയം നൽകുവാനുള്ള ലക്ഷം വീട് നിവാസികൾക്ക് 31.12.1999-നുള്ളിൽ പട്ടയം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടയം റദ്ദ് ചെയ്ത നടപടി

62 (2859)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് താലൂക്കിൽ പനത്തടി വില്ലേജിലെ കല്ലപ്പള്ളി പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശം വച്ചുവരുന്ന കർഷകരിൽനിന്നും എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി വിലകൊടുത്തു വാങ്ങിയ ഭൂമിയുടെ പട്ടയം റദ്ദ് ചെയ്യുവാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) ഈ വിധം എത്ര പട്ടയം റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂമി നഷ്ടപ്പെട്ട കർഷകർക്കുതന്നെ പ്രസ്തുത ഭൂമി തിരിച്ചു നൽകുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം കാസർഗോഡ് ജില്ലാകളക്ടർക്ക് മേൽനടപടിയ്ക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

(സി) കേരള-കർണാടക അന്തർ സംസ്ഥാന അതിർത്തിയുടെ സർവ്വേ വർക്ക് പൂർത്തിയാകാത്തതിനാലും വനംവകുപ്പ് വക നിബിഡ വനം മുറിച്ച് മാറ്റാത്തതിനാലും സ്ഥലം പതിച്ചു നൽകപ്പെട്ടവർക്ക് കൈമാറാൻ സാധിക്കാത്തതിനാൽ 30.7.1987-ലെ ജി.ഒ.എം.എസ്. നം. 518/87/ആർഡി ഉത്തരവ് പ്രകാരമുള്ള പതിച്ചു കൊടുക്കൽ നടപടി റദ്ദ് ചെയ്യുകയുണ്ടായി.

(ഡി) 67

(ഇ) പരിശോധിച്ചു വരികയാണ്.

മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് പട്ടയം

63 (2860)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം വില്ലേജിലെ മറവൻകോട് മിച്ച ഭൂമി കോളനിയിൽ നിന്നും കൈമാറ്റത്തിലൂടെ പട്ടയകക്ഷികൾ ഒഴിഞ്ഞു പോയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരും റേഷൻ കാർഡിലും വോട്ടേഴ്സ് ലിസ്റ്റിലും പേരുള്ളവരുമാണ് ഇപ്പോഴത്തെ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള പ്രാഥമിക നടപടികളുടെ

†

LIBRARY ARCHIVES Kerala Legislative Assembly